**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1974** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഡൽഹി കേരള ഹൗസിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഡൽഹി കേരള ഹൗസിന്റെ നിലവിലെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ന്യൂ ഡൽഹിയിലെ കേരള ഹൗസ് ഒരു ഗസ്റ്റ് ഹൗസ് എന്നതിലുപരി സംസ്ഥാന സർക്കാരിന്റെ എംബസി എന്ന നിലയിലാണ് പ്രവർത്തിച്ച് പോരുന്നത്. കേരളത്തിന്റെ താത്പര്യങ്ങൾ ദേശീയ തലത്തിൽ പ്രതിനിധീകരിക്കുന്നതിനായി കേന്ദ്ര മന്ത്രിമാരുമായി ഉന്നത തലത്തിൽ ചർച്ചകളും വിവിധ മന്ത്രാലയങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ചകളും സംഘടിപ്പിക്കുകയും സംസ്ഥാന വികസനത്തെ ബാധിക്കുന്ന പ്രധാന വിഷയങ്ങളിൽ തുടർച്ചയായി ഇടപെടലുകൾ നടത്തുന്നതിനും സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ ഡൽഹിയിലുള്ള വസ്തുവകകളുടെ മേൽനോട്ടവും വിവിധ കേന്ദ്ര മന്ത്രാലയങ്ങളുമായും ഇതര സംസ്ഥാനങ്ങളുമായുള്ള ആശയ വിനിമയവും മറ്റു വിഷയങ്ങളും റസിഡന്റ് കമ്മീഷണർ നേരിട്ട് നിർവ്വഹിക്കുമ്പോൾ ഗസ്റ്റ് ഹൗസ് വിഭാഗത്തിന്റെ ചുമതല കേരള ഹൗസ് കൺട്രോളറിൽ നിക്ഷിപ്തമാണ്. പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് സർക്കാർ വിലയിരുത്തുന്നുണ്ട്. ഒരു മുതിർന്ന ഐ എ എസ് ഉദ്യോഗസ്ഥനാണ് നിലവിൽ റസിഡന്റ് കമ്മീഷണറുടെ ചുമതല നിർവ്വഹിച്ച് പോരുന്നത്. അതിനു പുറമെ കേരള ഹൗസിന്റെ പ്രവർത്തനങ്ങൾ ചീഫ് റസിഡന്റ് കമ്മീഷണറുടെ അധിക ചുമതല വഹിക്കുന്ന ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും വിലയിരുത്തിപ്പോരുന്നുണ്ട്. |
| (ബി) | ഡൽഹി കേരള ഹൗസിൽ ബുക്കിംഗ് ലഭിക്കുന്നവർക്ക് യഥാസമയം റൂമുകൾ നൽകുന്നതിനും മെച്ചപ്പെട്ട രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത്തരം പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാൻ സർക്കാർ എന്ത് | (ബി) | കേരള ഹൗസിലെ ഗസ്റ്റ് ഹൗസ് വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി ഫ്രണ്ട് ഓഫീസ് മാനേജരുടെ നേതൃത്വത്തിൽ ഇരുപത്തിനാലുമണിക്കൂറും റിസപ്ഷൻ പ്രവർത്തിച്ചുവരുന്നു. ഹൗസ് കീപ്പിംഗ് മാനേജരുടെ |

| | | | |
|---|---|---|---|
| | ക്രമീകരണമാണ് കേരള ഹൗസിൽ ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ; | | നേതൃത്വത്തിൽ ഇരുപത്തിനാലുമണിക്കൂറും സുസജ്ജമായ പ്രവർത്തന സംവിധാനം നിലവിലുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് റസിഡന്റ് കമ്മീഷണർ, അസിസ്റ്റന്റ് റസിഡന്റ് കമ്മീഷണർ, കൺട്രോളർ എന്നീ ഉന്നത ഉദ്യോഗസ്ഥരെയും ഡൽഹിയിൽ നിയമിച്ചിട്ടുണ്ട്. |
| (സി) | ഡൽഹി കേരള ഹൗസിൽ ബുക്ക് ചെയ്ത ശേഷം താമസ സൗകര്യവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കേരള ഹൗസിലെ താമസ സൗകര്യവുമായി ബന്ധപ്പെട്ട് പരാതികളൊന്നും തന്നെ നിലവിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഡൽഹി കേരള ഹൗസിലെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനായി എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | കേരള ഹൗസിലെ നിലവിലെ സ്ഥല പരിമിതി കണക്കിലെടുത്ത് കൂടുതൽ മെച്ചപ്പെട്ട താമസ സൗകര്യം ലഭ്യമാക്കുന്നതിനായി കപൂർത്തല പ്ലോട്ടിൽ ഒരു പുതിയ കേരള ഭവൻ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ